പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 268 20.12.2012-ൽ മറുപടിക്ക്.

## സ്കൂളുകളിലെ ഇംഗ്ലീഷ് നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ; ബെന്നി ബെഹനാൻ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. സി.പി. മുഹമ്മദ് : | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

---

| ചോദ്യം | ഉത്തരം |
|---|---|
| (എ) സ്കൂളുകളിലെ ഇംഗ്ലീഷ് നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയി ട്ടുണ്ടോ; വിശദമാക്കുമോ; | (എ) സ്കൂളുകളിലെ ഇംഗ്ലീഷ് നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) ഏത് ഏജൻസിയുമായി ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സർവ ശിക്ഷാ അഭിയാൻ (എസ്.എസ്.എ), രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ. എം. എസ്.എ), സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി), ഡയറ്റ് എന്നിവയുടെ സഹായത്തോടെ അധ്യാപകർക്ക് മെച്ചപ്പെട്ട പരിശീലന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ബ്രിട്ടീഷ് കൗൺസിൽ നടപ്പിലാക്കുന്ന പദ്ധതിയിലൂടെയും ഇംഗ്ലീഷ് നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് ഏത് ജില്ലകൾ കേന്ദ്രീകരിച്ചാണ് നടത്താനുദ്ദേശിക്കുന്നത്; | (സി) | സംസ്ഥാനത്തെ മുഴുവൻ ഗവൺമെന്റ് /എയിഡഡ് സ്കൂൾ അധ്യാപകർക്കും ഘട്ടം ഘട്ടമായി പരിശീലനം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. കണ്ണൂർ, കോഴിക്കോട് ജില്ലകൾ കേന്ദ്രീകരിച്ചാണ് ബ്രിട്ടീഷ് കൗൺസിൽ രൂപം നൽകുന്ന പദ്ധതിയുടെ പ്രവർത്തനം നടക്കുന്നത്. |
| (ഡി) | ഏതെല്ലാം തരത്തിലുള്ള വിദ്യാർത്ഥികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്? | (ഡി) | 1 മുതൽ 10 വരെ ക്ലാസുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും ഇംഗ്ലീഷ് ഭാഷയിലുള്ള പരിജ്ഞാനം വർദ്ധിപ്പിക്കാൻ സഹായിക്കുന്ന തരത്തിലാണ് അധ്യാപകർക്ക് പരിശീലനം നൽകിവരുന്നത്. ഒന്നു മുതൽ ഏഴുവരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്കാണ് ബ്രിട്ടീഷ് കൗൺസിൽ രൂപം നൽകുന്ന പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. |

Kumar ...

സെക്ഷൻ ഓഫീസർ